# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 20 No. 10 | PUBLISHED FROM DELHI | PRICE Rs. 3/- | OCTOBER 2016


## എഫ്.സി.വൈ.എം. ഡൽഹി റീജൻ

# വചനധാര 2016 സമാപിച്ചു

**ന്യൂഡൽഹി:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ യുവജന സംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (എഫ്.സി. വൈ. എം) ഡൽഹി റീജന്റെ ആഭിമുഖ്യത്തിൽ 2016 ഒക്ടോബർ 1,2 തീയതികളിൽ കാൽക്കാജി ഡി.ഡി.എ. കമ്മ്യൂണിറ്റി ഹാളിൽ വച്ച് വചനധാര 2016 എന്നപേരിൽ സുവിശേഷയോഗം അനുഗ്രഹപ്രദമായി നടന്നു.

ഒക്ടോബർ 1ന് വൈകിട്ട് ആറുമണിക്ക് ആരംഭിച്ച യോഗത്തിന് കൽക്കാജി ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ശുശ്രൂഷകൻ പാസ്റ്റർ ബിനുജോൺ അദ്ധ്യക്ഷത വഹിച്ചു. ഫെയ്ത്ത് സയോൻ സിംഗേഴ്സ് ഡൽഹി സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. തുടർന്ന് പാസ്റ്റർ ടി. ജി. സൈമൻ (രെഹബോത്ത് പാസ്റ്റേഴ്സ് പ്രയർ ഫെല്ലോഷിപ്പ്), പാസ്റ്റർ അനിൽ ജോൺസൻ (നാഷണൽ പാസ്റ്റേഴ്സ് പ്രയർ ഫെല്ലോഷിപ്പ്) എന്നിവർ യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചു. എഫ്. സി. വൈ.എം. ട്രഷറാർ ബ്രദർ ഷൈജു ജോൺ സ്വാഗതം ആശംസിച്ചു.


പാസ്റ്റർ എം. സാമുവൽകുട്ടി വചനധാര 2016 ഉദ്ഘാടനം ചെയ്യുന്നു. പരിഭാഷ: പാസ്റ്റർ ബ്ലസ്സൻ

ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി യോഗം ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ 27 വർഷം ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചുകളെയും മറ്റ് പ്രവർത്തനങ്ങളെയും അനുഗ്രഹിച്ച കർത്താവിന് നന്ദി പറഞ്ഞു കൊണ്ട് ആരംഭിച്ച ഉദ്ഘാടന പ്രസംഗത്തിൽ ഒരുസുവിശേഷയോഗത്തിൽ ഉണ്ടാകേണ്ട തിരിച്ചറിവ് (Conviction), അനുതാപം (Confession), സമർപ്പണം (Commitment) എന്ന മൂന്ന് അതിപ്രധാനമായ വസ്തുതകൾ അദ്ദേഹം ചൂണ്ടിക്കാട്ടി. അപ്രകാരമുള്ള ഒരു ഉണർവ്വ് യോഗമായി വചനധാര 2016 മാറട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹം

(ശേഷം മൂന്നാം പേജിൽ)

# ജീവിത വിശുദ്ധി നഷ്ടപ്പെടുത്താതിരിക്കുക: പാസ്റ്റർ എബി ഏബ്രഹാം

**ന്യൂഡൽഹി:** ജീവിത വിശുദ്ധി നഷ്ടപ്പെടുത്താതെ വിശുദ്ധരായി ജീവിക്കുന്നവരുടെ ആരാധനയിൽ മാത്രമേ ദൈവപ്രസാദം ഉണ്ടാവുകയുള്ളൂ എന്ന് പാസ്റ്റർ എബി ഏബ്രഹാം പ്രസ്താവിച്ചു. വചനധാര 2016–നോടനുബന്ധിച്ച് നടന്ന ഡൽഹി റീജനിലെ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ സംയുക്താരാധനയിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. സങ്കീർത്തനം 84:1 ആസ്പദമാക്കി ആലയത്തിന്റെ അഥവാ ആരാധനയുടെ മനോഹാരിത എന്നതായിരുന്നു പ്രസംഗവിഷയം.

കാലഘട്ടത്തെ പിതാവിന്റെ യുഗം, പുത്രന്റെ യുഗം, പരിശുദ്ധാത്മ യുഗം എന്ന് മൂന്നായി തിരിക്കാവുന്നതാണ്. ഈ യുഗങ്ങളിലെ ആരാധനയെ പറ്റി പഠിക്കുമ്പോൾ പിതാവിന്റെ അഥവാ പഴയനിയമ യുഗത്തിൽ ജനം വസിക്കുന്നതിന്റെ മധ്യേ ആലയമുണ്ടാക്കി ദൈവം അതിൽ ഇറങ്ങി വസിക്കുകയായിരുന്നു. മധ്യേ എന്നു പറയുന്നുവെങ്കിലും ആ ദൈവസാന്നിധ്യത്തോട് അടുക്കുവാൻ ജനത്തിന് അനുവാദമില്ലായിരുന്നു. ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ മാത്രം ദൈവസന്നിയിലേക്ക് പ്രവേശിക്കുന്ന അനുഭവം.

പുത്രന്റെ യുഗത്തിൽ തന്റെ മൂന്നരവർഷത്തെ ശുശ്രൂഷക്കാലത്ത് ജനത്തോട് ഇടപഴകി ജനകീയനായി നടന്ന ഇമ്മാനുവേലായ കർത്താവ്. ദൈവത്തോട് നേരിട്ടുള്ള സമ്പർക്കമായിരുന്നു പുത്രന്റെ യുഗത്തിന്റെ പ്രത്യേകത.

എന്നാൽ മൂന്നാമത്തെ യുഗത്തിന്റെ പ്രത്യേകത നാം തന്നെ ദൈവത്തിന്റെ മന്ദിരമാണ്. പരിശുദ്ധാത്മവായ ദൈവം നമ്മിൽ വസിച്ചുകൊണ്ട് നമ്മെ ആരാധനയ്ക്ക് പ്രാപ്തമാക്കുകയും ആരാധന ദൈവം നേരിട്ട് ആസ്വദിക്കുകയും ചെയ്യുന്നു. അകത്ത് ആത്മശക്തി ഉള്ളവൻ ആരാധനയുടെ മനോഹാരിത തിരിച്ചറിയുന്നു. നാം നമ്മെ തന്നെ ഒരുക്കി ആരാധനയ്ക്കായി സമർപ്പിക്കുമ്പോഴാണ്

(ശേഷം രണ്ടാം പേജിൽ)

# പുനരുത്ഥാന ശക്തിയുടെ വക്താക്കളായി മാറുക : പാസ്റ്റർ എബി ഏബ്രഹാം

**ന്യൂഡൽഹി:** പുനരുത്ഥാന ശക്തിയുടെ വക്താക്കളായി വിശ്വാസികൾ മാറണമെന്ന് പാസ്റ്റർ എബി ഏബ്രഹാം പ്രസ്താവിച്ചു. ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (എഫ്.സി. വൈ. എം) ഡൽഹി റീജന്റെ ആഭിമുഖ്യത്തിൽ കൽക്കാജി ഡി. ഡി.എ. കമ്മ്യൂണിറ്റി ഹാളിൽ വച്ച് വചനധാര 2016 എന്നപേരിൽ സുവിശേഷയോഗത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

റോമ ലേഖനം 8:34 ആസ്പദമാക്കിയായിരുന്നു രണ്ട് ദിവസത്തേയും പ്രഭാഷണം. ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ട് ഉയർത്തെഴുന്നേറ്റവൻ തന്നെ. യേശുവിന്റെ മരണം എന്തിനായിരുന്നു? യേശുവിന്റെ ഉയിർപ്പ് എന്തിനായിരുന്നു എന്നതാണ് ചിന്താവിഷയം. ക്രൈസ്തവ ഉപദേശസത്യങ്ങളുടെ ഒരു കലവറയാണ് റോമാ ലേഖനം. പ്രായോഗിക ഉപദേശങ്ങൾ ആധികാരികമായി വിശദീകരിക്കുന്ന ഒരു ലേഖനമാണ് റോമാ ലേഖനം.

യേശുവിന്റെ മരണം, ഉയിർപ്പ് എന്ന വിഷയം പഠിക്കുമ്പോൾ ചില തിരുവചന സത്യങ്ങൾ നാം ഗ്രഹിക്കേണ്ടതുണ്ട്. യേശുവിന്റെ മനുഷാവതാര (Incarnation)മാണ് ഒന്നാമതായിയുള്ളത്. ദൈവമായിരുന്നവൻ ദൈവത്വം വെടിഞ്ഞ് പാർത്തലത്തിലേക്ക് ഇറങ്ങി വന്നു അതാണ് അവതാരം. അവതാരം എന്നത് സംസ്കൃത വാക്കാണ്. അതിന്റെ അർത്ഥം നല്ലതു ചെയ്യുവാൻ ഇറങ്ങിവരുന്നതിനെയാണ് അവതാരം എന്നു പറയുന്നത്. ദുഷ്ടന്മാരെ തിരഞ്ഞുപിടിച്ച് കൊല്ലുവാനും പാപികളെ നിഗ്രഹിക്കുവാനുമല്ല പാപത്തെ നീക്കി തന്റെ രക്തത്താൽ അവരെ ശുദ്ധിവരുത്താനാണ് യേശു അവതാരമെടുത്തത്. അതിനാൽ യേശുവിന്റേത് തിരുഅവതാരമാണ്.

രണ്ടാമത്തേത് യേശുവിന്റെ പരമയാഗമാണ്. ലേവ്യനിയമമനുസരിച്ചുള്ള യാഗവസ്തുവും പുരോഹിതനും ഒന്നായി തീർന്നതിനാൽ യേശുവിന്റെ യാഗം പരമയാഗമാണ്.

മൂന്നാമത്തെത് യേശുവിന്റെ ഉയർപ്പാണ്. മരണം കൊണ്ട് ഒടുങ്ങിയില്ല. പുനരുത്ഥാനത്തിന്റെ ശക്തിയാണ് ദൈവസഭയുടെ അടിസ്ഥാനം. ആ ശക്തിയാണ് നമ്മുടെ വിശ്വാസത്തിന്റെ ആധാരം. യേശുവിനെ ഉയർപ്പിച്ച ശക്തിയാണ് നമ്മുടെ മൺകൂടാരങ്ങളിൽ തന്നിരിക്കുന്നത് എന്നത് വിശ്വാസികൾ മറന്നു പോകരുതെന്ന് അദ്ദേഹം ഓർപ്പിച്ചു.


പാസ്റ്റർ എബി ഏബ്രഹാം വചനധാര 2016ൽ മുഖ്യപ്രഭാഷണം നടത്തുന്നു. പരിഭാഷ: പാസ്റ്റർ ബ്ലസ്സൻ

## എഫ്.സി.വൈ.എം. ഡൽഹി റീജൻ

# 23–ാംമത് വാർഷികം നടന്നു

**ന്യൂഡൽഹി:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ യുവജന സംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (എഫ്.സി. വൈ.എം) ഡൽഹി റീജന്റെ 23–ാമത് വാർഷിക സമ്മേളനം കൺവൻഷനോടനുബന്ധിച്ച് 2016 ഒക്ടോബർ 2ന് ഉച്ചയ്ക്ക് 2.30ന് കൽക്കാജി ഡി.ഡി. എ. കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടന്നു.

ലെഫ്റ്റനന്റ് അഭിലാഷ് ചെറിയാൻ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. മാതാപിതാക്കൾ മക്കളെ അനുസരണത്തിലും നിയന്ത്രണത്തിലും ദൈവവചനപ്രകാരം വളർത്തുന്നത് അവരുടെ ഭാവിയുടെ അനുഗ്രഹത്തിനായിട്ടാണ്. ലോകത്തിന്റെ വഷളതയിൽ ഉൾപെടാതെ തങ്ങളുടെ ജീവിതം കാത്തു സൂക്ഷിക്കുവാൻ യുവജനങ്ങൾ ദൈവവചനം അനുസരിക്കുന്നവരും മാതാപിതാക്കളെ ബഹുമാനിക്കുന്നവരുമാകണമെന്നും ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്ന താലന്തുകളെ തിരിച്ചറിഞ്ഞ് അത് ദൈവനാമ മഹത്വത്തിനായി ഉപയോഗിക്കണമെന്നും അദ്ദേഹം അദ്ധ്യക്ഷ പ്രസംഗത്തിൽ യുവാക്കളെ ആഹ്വാനം ചെയ്തു. സിസ്റ്റർ ഷീജാ ജെയിംസ് സ്വാഗതം ആശംസിച്ചു. എഫ്.സി.വൈ.എം. സെക്രട്ടറി മണിമോൻ കെ. വാർഷിക റിപ്പോർട്ട് വായിച്ചു. വാർഷി ക യോഗം ഐ.സി.എം. പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ഉദ്ഘാടനം ചെയ്തു. 2 തിമൊഥിയോസ് 3:14 ആസ്പദമാക്കി അദേഹം സംസാരിച്ചു. തുടർന്ന് റീജനിലെ യുവജനങ്ങളുടെ താലന്തു പ്രദർശനവും നടന്നു. ബ്രദർ തോമസ് ഡാനിയേൽ (*വിശ്വാസി* അസോസിയേറ്റ് എഡിറ്റർ) ആശംസകളറിയിച്ചു.

### *വിശ്വാസി* ഇ-മെയിൽ ആയി ലഭിക്കാൻ

*വിശ്വസി* മാസിക പി.ഡി.എഫ് ആയി ഇ-മെയിൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ഇ-മെയിൽ ഐഡി msamuelkutty@gmail.com എന്ന വിലാസത്തിൽ അയക്കുക

പത്രാധിപ ലേഖനം.......

# വഴിയിൽ വച്ച് നശിച്ചു പോകരുത്



*അവൻ കോപിച്ചിട്ടു നിങ്ങൾ വഴിയിൽവെച്ചു നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ. അവന്റെ കോപം ക്ഷണത്തിൽ ജ്വലിക്കും; അവനെ ശരണം പ്രാപിക്കുന്നവരൊക്കെയും ഭാഗ്യവാൻമാർ* (സങ്കീ. 2:12).

ഇതൊരു അപകട മുന്നറിയിപ്പാണ്. നശിക്കാം, രക്ഷപെടാം. ഈ ലോകം ഒരു വഴിയമ്പലമാണ്. ജീവിതം നിലയ്ക്കാത്ത ഒരു യാത്രയും-ആത്മലോകത്തിലേയ്ക്ക്.

നാം യാത്രചെയ്യുമ്പോൾ റോഡരികിൽ പല സൂചനാബോർഡ്കൾ കാണാം. റോഡ് മുങ്ങിപ്പോകാൻ സാധ്യതയുണ്ട്, അപകട മേഖല, ആന റോഡ് മുറിച്ചുകടക്കാൻ സാധ്യത തുടങ്ങി പലതരത്തിലുള്ള മുന്നറിയിപ്പുകൾ നൽകുന്ന ബോർഡുകൾ. അതേ പോലെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പുകൾ നൽകാറുണ്ട്. മഴയുണ്ടാകാനും കാറ്റടിക്കാനും സാധ്യതയുണ്ട് എന്ന തരത്തിൽ. എന്നാൽ പലപ്പോഴും ഇത്തരം മുന്നറിയിപ്പുകൾക്ക് തെറ്റുപറ്റാം.

എന്നാൽ വേദപുസ്തകത്തിലെ മുന്നറിയിപ്പിന് ഒരിക്കലും തെറ്റുപറ്റുകയില്ല. വഴിയിൽവെച്ച് നശിക്കാം - രക്ഷിക്കപ്പെടാം. നശിക്കാതിരുന്നാൽ -നിത്യതയിൽ കർത്താവിനോടൊപ്പം എന്നും ആയിരിക്കാം. വഴിയിൽ നശിച്ചാൽ കർത്താവിനോടുള്ള നിത്യതയിൽ നിന്നും എന്നെന്നേക്കും തള്ളപ്പെടാം.

ഒരു സുവിശേഷകൻ തന്റെ ശ്രോതാക്കളോട് ചോദ്യം ചോദിച്ചു. നിങ്ങൾ എന്തിനാണ് ജീവിക്കുന്നത്. ഒരാളുടെ ഉത്തരം:(1) ജനിച്ചതുകൊണ്ട് (2) മരിച്ചിട്ടില്ലാത്തതുകൊണ്ട് (3) എന്തിനാണ് ജീവിക്കുന്നതെന്നറിയാതെ. മനുഷ്യജീവിതത്തിന് ജനനംകൊണ്ട് ഒരാരംഭം ഉണ്ടെങ്കിലും മരണം കൊണ്ട് അവസാനിക്കുന്നില്ല. അനശ്വരജീവിയാണ് മനുഷ്യർ. മരണത്തിന്നതീതമായ ഒരു നിത്യാത്മാവിന്റെ ഉടമയാണ് മനുഷ്യർ. സകല ലോകത്തെക്കാളും വിലയുള്ള ആത്മാവ്. ആത്മാവില്ലെങ്കിൽ മരണത്തിനുശേഷം ഞാൻ എന്ന വ്യക്തി എവിടെ? മൃതദേഹം പുറംകൂട് മാത്രം.

ദൈവം കോപിക്കുമോ? കോപിക്കും. പക്ഷെ ഒരു പിതൃഹൃദയം മക്കളോടുണ്ട്. തക്കതായ കാരണം ഉണ്ടായിരിക്കണം. ദൈവം സാമ്രാജ്യങ്ങളെ, ചക്രവർത്തിമാരെ ഭരണാധികാരികളെ, ജനതതിയെ, ദേശത്തെ, കുടുംബങ്ങളെ, വ്യക്തികളെ ഒക്കെ ന്യായം വിധിച്ചിട്ടുള്ള ചരിത്രം വേദപുസ്തകത്തിൽ കാണാം. ബാബിലോൺ ചക്രവർത്തിയായ നെബുഖദ്നേസറിനെ കാളയെപ്പോലെ പുല്ല് തീറ്റിച്ചു. ദാനി 4:29, 30ൽ വായിക്കുന്നു; പന്ത്രണ്ടു മാസം കഴിഞ്ഞിട്ടു അവൻ ബാബേലിലെ രാജമന്ദിരത്തിൻമേൽ ഉലാവിക്കൊണ്ടിരുന്നു. ഇതു ഞാൻ എന്റെ ധനമാഹാത്മ്യത്താൽ എന്റെ പ്രതാപമഹത്വത്തിന്നായിട്ടു രാജധാനിയായി പണിത മഹതിയാം ബാബേൽ അല്ലയോ എന്നു രാജാവു ഹൃദയത്തിൽ പറഞ്ഞു തുടങ്ങി. അതിന്റെ പരിണിത ഫലം. ദാനീ. 4:31-32 വായിക്കുന്നു; ഈ വാക്കു രാജാവിന്റെ വായിൽ ഇരിക്കുമ്പോൾ തന്നേ, സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദം ഉണ്ടായതെന്തെന്നാൽ: നെബൂഖദ്നേസർരാജാവേ, നിന്നോടു ഇതു കല്പിക്കുന്നു: രാജത്വം നിന്നെ വിട്ടു നീങ്ങിയിരിക്കുന്നു. നിന്നെ മനുഷ്യരുടെ ഇടയിൽനിന്നു നീക്കിക്കളയും; നിന്റെ പാർപ്പു കാട്ടിലെ മൃഗങ്ങളോടുകൂടെ ആയിരിക്കും; നിന്നെ കാളയെപ്പോലെ പുല്ലു തീറ്റും; അത്യുന്നതനായവൻ മനുഷ്യരുടെ രാജത്വത്തിൻമേൽ വാഴുകയും അതിനെ തനിക്കു ബോധിച്ചവന്നു കൊടുക്കയും ചെയ്യുന്നു എന്നു നീ അറിയുന്നതുവരെ നിനക്കു ഏഴു കാലം കഴിയും.

രണ്ടാമത്തെ രാജാവ് ബേൽശസ്സർ ആണ് (ദാനീ. 5:2) ബെൽശസ്സർ വീഞ്ഞു കുടിച്ചു രസിച്ചിരിക്കുമ്പോൾ, തന്റെ അപ്പനായ നെബൂഖദ്നേസർ യെരൂശലേമിലെ മന്ദിരത്തിൽനിന്നു എടുത്തുകൊണ്ടുവന്നിരുന്ന പൊൻവെള്ളിപാത്രങ്ങളെ, രാജാവും മഹത്തുക്കളും അവന്റെ ഭാര്യമാരും വെപ്പാട്ടികളും അവയിൽ കുടിക്കേണ്ടതിന്നായി കൊണ്ടുവരുവാൻ കല്പിച്ചു. വിശുദ്ധപാത്രങ്ങളിൽ വീഞ്ഞു കുടിക്കുന്ന സമയം തന്നേ ദൈവം ഒരു കൈപ്പത്തി അയച്ചു ബെൽശസ്സറും മഹത്വക്കളും ഇരുന്ന് വീഞ്ഞു കുടിച്ച ഹാളിന്റെ ഭിത്തിയിൽ ഇപ്രകാരം എഴുതി. ദാനീ. 5:24-28 ആകയാൽ അവൻ ആ കൈപ്പത്തി അയച്ചു ഈ എഴുത്തു എഴുതിച്ചു, എഴുതിയിരിക്കുന്ന എഴുത്തോ: മെനേ, മെനേ, തെക്കേൽ, ഊഫർസീൻ. കാര്യത്തിന്റെ അർത്ഥമാവിതു: മെനേ എന്നുവെച്ചാൽ: ദൈവം നിന്റെ രാജത്വം എണ്ണി, അതിന്നു അന്തം വരുത്തിയിരിക്കുന്നു. തെക്കേൽ എന്നു വെച്ചാൽ: തുലാസിൽ നിന്നെ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു. ദാനീ. 5:30. ആ രാത്രിയിൽ തന്നേ കൽദയ രാജാവായ ബെൽശസ്സർ കൊല്ലപ്പെട്ടു. അന്നു രാത്രിയിൽ കൽദയ രാജാവായ ദാര്യാവേശ് ബെൽശസ്സരിനെ വെട്ടിക്കൊന്നു.

ദേശത്തെ ന്യായം വിധിച്ചതിന് സൊദോം ഗോമൊറ ഉദാഹരണമാണ്. ജനതതിയെ ന്യായം വിധിച്ചതിന് ഉദാഹരണം യിസ്രയേലിന്റെ മരുഭൂമിയാത്രയിൽ പല വിധ വ്യാധികളാൽ പട്ടുപോയ പിറുപിറുപ്പുകാരും മത്സരികളുമായ ജനമാണ്. ഏലിയുടെ കുടുംബത്തെ ന്യായം വിധിച്ചതായി 1 ശമു. 4:11.ൽ കാണുന്നു. ദൈവത്തിന്റെ പെട്ടകം പിടിപെട്ടു; ഏലിയുടെ രണ്ടു പുത്രൻമാരായ ഹൊഫ്നിയും ഫീനെഹാസും പട്ടുപോയി. പുതിയ നിയമത്തിൽ അനന്യാസ് & സഫീറ ദമ്പതികൾ ന്യായവിധിയിൽ അകപ്പെട്ടു. (പ്രവൃ. 5:1-10). ഈ വാക്കു കേട്ടിട്ടു അനന്യാസ് വീണു പ്രാണനെ വിട്ടു; ഇതു കേട്ടവർക്കു എല്ലാവർക്കും മഹാഭയം ഉണ്ടായി. ബാല്യക്കാർ എഴുന്നേറ്റു അവനെ ശീല പൊതിഞ്ഞു പുറത്തു കൊണ്ടുപോയി കുഴിച്ചിട്ടു. (9-10)പത്രൊസ് അവളോടു: കർത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങൾ തമ്മിൽ ഒത്തതു എന്തു? ഇതാ, നിന്റെ ഭർത്താവിനെ കുഴിച്ചിട്ടവരുടെ കാൽ വാതിൽക്കൽ ഉണ്ടു; അവർ നിന്നെയും പുറത്തു കൊണ്ടു പോകും എന്നു പറഞ്ഞു.

ന്യായവിധിയുടെ കാരണം പരിശോധിച്ചാൽ റോമാലേഖനത്തിൽ വായിക്കുന്നു(റോമ. 1:18). അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു. അനീതിയെകൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നും വെളിപ്പെടുന്നു. നമ്മുടെ ജീവിതത്തിന്റെ വഴിത്താരയിൽ നാം ദൈവകോപത്തിനടിമകളാകാതിരിപ്പാൻ പുത്രനായ ക്രിസ്തുവിനെ നിമിഷംതോറും ചുംബിച്ചുകൊണ്ട് ക്രിസ്തീയ ജീവിതത്തിന്റെ പാതകളെ താണ്ടുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

പാസ്റ്റർ എം. സാമുവൽകുട്ടി

(ഒന്നാം പേജിൽ നിന്നും തുടർച്ച)

## ജീവിത വിശുദ്ധി നഷ്ടപ്പെടുത്താതിരിക്കുക

ആരാധന മനോഹരമായി മാറുന്നത്. നമ്മുടെ അന്തരംഗം, ശരീരം, അവയവ വ്യവസ്ഥിതികൾ ആരാധനയ്ക്ക് സജീവമാകണം.

ആരാധനയുടെ മനോഹാരിത വിശുദ്ധിയാണ് (സങ്കീ.93:5). വിശുദ്ധിയില്ലാതെ ആരും ആരാധനയിൽ വരാൻ പാടില്ല. ആരാധനയിൽ പ്രസക്തമായത് ശരീരത്തിന്റെ വിശുദ്ധിയാണ് (റോമ. 12:1). തിന്മയോട് ചെറുത്തുനിൽക്കുവാൻ കരുത്തുള്ളവനുമാത്രമേ യഥാർത്ഥ ആരാധനയുടെ മഹത്വം ആസ്വദിക്കുവാൻ കഴിയൂ. ജീവിതത്തിൽ ആത്മീകത സൂക്ഷിക്കുവാൻ, ആരാധിക്കുവാനുള്ള യഥാർത്ഥ യോഗ്യത സൂക്ഷിക്കുവാൻ, ശരീരത്തെ വിശുദ്ധമായി സൂക്ഷിക്കുവാൻ, ഇടതടവില്ലാതെ നമ്മുടെ ജഡത്തോട് ലോകത്തോട്, നമ്മുടെ അവയവവ്യവസ്ഥിതിയിൽ ഉയരുന്ന ഉദ്ദീപനങ്ങളോട്, നമ്മേ വശീകരിക്കുവാൻ ശ്രമിക്കുന്ന പാപത്തിന്റെ മണ്ഡലങ്ങളോട്, ആഹ്വാനങ്ങളോട്, പുഞ്ചിരികളോട്, വെച്ചുനീട്ടലുകളോട് ചിലപ്പോൾ ചില എസ്. എം. എസുകളോട്, ചില മിസ്ഡ് കോളുകളോട്, ചില വാട്ട്സ് ആപ് മെസേജുകളോട് നോ എന്നു തന്റേടത്തോടെ പറയുവാനുള്ള ആർജ്ജവം ദൈവപൈതലിനുണ്ടാവണം. തിന്മയോട് നോ പറയുവാൻ കഴിയണം.

ശരീരത്തെ വിശുദ്ധിയിൽ കാക്കുവാൻ ദൈവത്തെ സാക്ഷിയാക്കി ജീവിക്കണം (1തെസ്സ. 2:5, 2:10). സാമ്പത്തിക കാര്യങ്ങളിൽ ദൈവം സാക്ഷിയായിരിക്കണം. വ്യക്തിപരമായ ജീവിതത്തിന് ദൈവത്തെ സാക്ഷിയാക്കണം. ദാമ്പത്യത്തിൽ ദൈവം സാക്ഷിയാകണം.

ആരാധനയ്ക്ക് വരുന്നവൻ ആരോടും വെറുപ്പും മ്ലേച്ഛതകളുമില്ലാതെ വേണം വരുവാൻ (യെഹ. 5:11 ). മ്ലേച്ഛത എന്നതിന്റെ അർത്ഥം കുത്തഴിഞ്ഞ ലൈംഗീകത എന്നാണ്. വാട്ട്സ്ആപ്പിലും യൂടൂബിലും ഇന്റർനെറ്റിലും തെളിഞ്ഞുവരുന്ന ആഭാസകരമായ ദൃശ്യങ്ങൾ കണ്ട് ആസ്വദിച്ചിട്ട് ആരാധനയ്ക്ക് വരുന്നവന്റെ ആരാധന മ്ലേച്ഛതയോടെ ആയതിനാൽ ദൈവം പ്രസാദിക്കുകയില്ല.

ആരാധനാലയത്തിൽ അഭിഷേകത്തിന്റെ ഒരു സംസ്കാരം ഉണ്ട്(ലേവ്യ. 21:12). അനുദിനം ജീവിതത്തെ ദൈവസന്നിയിൽ വിശുദ്ധമായി സൂക്ഷിച്ച് കർത്താവിന്റെ വരവിനായി ഒരുങ്ങണമെന്ന് അദ്ദേഹം വ്യക്തമാക്കി.

(മൂന്നാം പേജിൽ നിന്നും തുടർച്ച)

## ലൂക്കോസിന്റെ സുവിശേഷവും സവിശേഷതകളും

**3.സ്വാതന്ത്ര്യം**

ദരിദ്രരോടുള്ള ക്രിസ്തുവിന്റെ പ്രത്യേക പരിഗണന ലൂക്കോസ് ശ്രദ്ധേയമായ നിലയിലാണ് പങ്ക് വയ്ക്കുന്നത്. യേശുവിന്റെ ജനനം ഒരു ദരിദ്രകുടുംബത്തിൽ, മരണത്തിലും ദരിദ്രനെപ്പോലെ മരിച്ചു, തന്റെ ശിഷ്യഗണം മിക്കവരും പാവപ്പെട്ട മുക്കുവരായിരുന്നു, ശബ്ബത്ത് തുടങ്ങിയുള്ള മതാനുഷ്ഠാനങ്ങൾ അടിമത്വത്തിന് ആവേശം വിതച്ചപ്പോൾ യേശു അതിനെ എതിർക്കുകയും സ്വാതന്ത്ര്യമാർഗ്ഗം കാണിച്ച് കൊടുക്കുകയും ചെയ്തു.

**4.കർത്താവിന്റെ പ്രസാദ വർഷം**

പഴയനിയമത്തിലെ ജൂബിലി വർഷത്തെയാണ് കർത്താവിന്റെ പ്രസാദ വർഷമായി വിശേഷിപ്പിച്ചിരിക്കുന്നത്. അതിന്റെ അന്തസത്ത വിമോചനമായിരുന്നു. അടിമകളെ സ്വഭവനങ്ങളിലേക്ക് മടങ്ങിപ്പോകുവാൻ അനുവദിക്കുക, കടക്കാരുടെ കടങ്ങൾ ഇളവ് ചെയ്ത് കൊടുക്കുക എന്നിവയായിരുന്നു അതിലെ പ്രധാന ഘടകം. ആദിയിൽ ദൈവം സൃഷ്ടികർമ്മം നടത്തിയപ്പോൾ ഉണ്ടായിരുന്ന സമത്വവും സ്വാതന്ത്ര്യവും പുനസ്ഥാപിക്കുവാനുള്ള മാർഗ്ഗമാണ് കർത്താവിന്റെ പ്രസാദവർഷം. യേശുവിന്റെ ലക്ഷ്യവും ഇത് തന്നെ ആയിരുന്നു.

യേശുവിന്റെ ശുശ്രൂഷയുടെ നിറച്ചാർത്തുള്ള ചിത്രമാണ് ലൂക്കോസ് ചിത്രീകരിച്ചിരിക്കുന്നത്. നമുക്ക് ഈ സുവിശേഷം അനുഗ്രഹവും ക്രൈസ്തവ ജീവിതത്തിന് പ്രോത്സാഹനവുമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.


വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


**ക്ഷണിക്കുന്നു**

*വിശ്വാസിയിൽ* പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# ലൂക്കോസിന്റെ സുവിശേഷവും സവിശേഷതകളും

മാനവവംശത്തിന്റെ വിമോചനത്തിനായി മനുഷ്യനായി അവതരിച്ച ക്രിസ്തുവിന്റെ സജീവചിത്രമാണ് ലൂക്കോസിന്റെ സുവിശേഷം. പാലസ്തീന് പുറത്തുള്ള വിജാതീയ ക്രൈസ്തവരെ ഉദ്ദേശിച്ചെഴുതിയ ഈ സുവിശേഷത്തിൽ യഹൂദർക്കും, വിജാതീയർക്കും, തിരസ്കൃതർക്കുമുള്ള സാർവ്വത്രിക രക്ഷയുടെ സന്ദേശം ഉൾക്കൊണ്ടിരിക്കുന്നു. സാർവ്വത്രിക രക്ഷയുടെ മാർഗ്ഗമായി യേശുവിനെ അവതരിപ്പിക്കുവാനുള്ള ലൂക്കോസിന്റെ സവിശേഷമായ ശ്രദ്ധ ഈ സുവിശേഷത്തിലുടനീളം പ്രകടമാണ്. “നമ്മുടെ ഇടയിൽ പ്രമാണിച്ച് വരുന്ന കാര്യങ്ങളുടെ ചരിത്ര” മാണ് ലൂക്കോസിന്റെ രചനയ്ക്ക് അടിസ്ഥാനം. അഥവാ ലൂക്കോസിന്റെ കാലഘട്ടത്തിൽ സുവിശേഷം നേരിട്ട ചരിത്രപരമായ ചോദ്യങ്ങൾക്കുള്ള ചരിത്രം കൊണ്ടുള്ള മറുപടിയാണ് ലൂക്കോസിന്റെ സുവിശേഷം.

യഹൂദനല്ലാത്ത ഏക സുവിശേഷ രചയിതാവായ ലൂക്കോസ് തന്റെ കൃതി ജാതികൾക്ക് മനസ്സിലാകത്തക്ക വിധത്തിലാണ് ചിട്ടപ്പെടുത്തിയത്. ലൂക്കോസിന്റെ സുവിശേഷം വിജാതിയരുടെ സുവിശേഷം എന്നറിയപ്പെടുവാൻ വിവിധ കാരണങ്ങൾ ഉണ്ട്.

1. റോമൻ ചക്രവർത്തിയുടെയും ഗവർണറുടെയും കാലക്രമം പറഞ്ഞുകൊണ്ട് സുവിശേഷം ആരംഭിക്കുന്നു.

2. പഴയനിയമത്തിൽ നിന്നുള്ള ഉദ്ധരണികൾ വളരെകുറവാണ്.

3. യേശുവിനെ പ്രവചനങ്ങളുടെ പൂർത്തീകരണമായി അവതരിപ്പിക്കുന്നതിൽ ശ്രദ്ധ കാണിക്കുന്നില്ല.

4 എബ്രായപദങ്ങൾക്ക് തുല്യമായ യവനായ പദങ്ങളാണ് ലൂക്കോസ് ഉപയോഗിക്കുന്നത്. റബ്ബീ എന്ന പദത്തിന് പകരം ഗുരോ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്.

ലൂക്കോസിന്റെ സുവിശേഷം ആരംഭിക്കുന്നതും അവസാനിക്കുന്നതും ആരാധനയുടെയും പ്രാർത്ഥനയുടെയും പശ്ചാത്തലത്തിലാണ് ആദ്യഭാഗം പുരോഹിതനായ സെഖര്യാവ് ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുന്നതും ജനം മുഴുവൻ പ്രാർത്ഥിച്ച് കൊണ്ട് നിൽക്കുന്നതുമാണെങ്കിൽ അവസാനഭാഗം ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന് സാക്ഷ്യം വഹിച്ച ശിഷ്യൻമാർ ആരാധനയോടെ യെരുശലേമിൽ മടങ്ങിയെത്തുന്നതുമാണ്. യേശുവിന്റെ പ്രാർത്ഥനാ ജീവിതത്തെ വരച്ച് കാട്ടുന്നതിൽ ലൂക്കോസ് ബദ്ധശ്രദ്ധാനായിരുന്നു. പ്രാർത്ഥനയിൽ യേശുവിന് രൂപാന്തരം സംഭവിക്കുന്നതും, രാവിലെയും വൈകുന്നേരവും യേശു പ്രാർത്ഥിക്കുന്നതും, പ്രാർത്ഥനയ്ക്ക് ശേഷം ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നതും, അവരോട് പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യുന്നതും, ക്രൂശിൽ കിടന്ന് കൊണ്ട് കർത്താവ് ശത്രുക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നതുമൊക്കെ ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നു.

പാലസ്തീനിയൻ സംസ്ക്കാരത്തിൽ സ്ത്രീകളുടെ സ്ഥാനം വളരെ താണതായിരുന്നു. എന്നാൽ ലൂക്കോസ് സ്ത്രീകൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് തന്റെ

> യേശു നൽകുന്ന രക്ഷ സ്ഥലകാല ദരിദ്രധനിക സ്ത്രീപുരുഷ പരിധികൾക്ക് അതീതമായി എല്ലാവരെയും ഉദ്ദേശിച്ചുള്ളതാണ്. രക്ഷയുടെ ഈ സാർവ്വത്രിക സ്വഭാവത്തിന് ലൂക്കോസ് വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്.
>
> ലോകം കണ്ടതിൽ വച്ച് ഏറ്റവും ശക്തനായ വിമോചകൻ യേശുവാണ്. ക്രിസ്തുവിന്റെ ജഢാവതാരത്തിന്റെ ലക്ഷ്യം തന്നെ മനുഷ്യന്റെ സമഗ്ര മോചനമായിരുന്നു.

സുവിശേഷം അവതരിപ്പിക്കുന്നത്. ദരിദ്രയായ വിധവ, കൂനുണ്ടായിരുന്ന സ്ത്രീ, ആൾക്കൂട്ടത്തിലെ സ്ത്രീ, യായീറോസിന്റെ മകൾ, നയീനിലെ വിധവ, പത്രോസിന്റെ അമ്മായിഅമ്മ, മാർത്തയും മറിയയും, പ്രവാചകിയായ ഹന്ന, എലിസബത്ത് തുടങ്ങി സ്ത്രീകളുടെ ഒരു നീണ്ടനിരതന്നെ ഈ സുവിശേഷത്തിലുണ്ട്. യേശുവിന്റെ പുനരുത്ഥാനത്തിന് പ്രഥമ സാക്ഷികൾ സ്ത്രീകളായിരുന്നു എന്നും ലൂക്കോസ് രേഖപ്പെടുത്തുന്നു.

യേശുവിലൂടെ ദൈവം വെളിപ്പെടുത്തിയ അത്ഭുതങ്ങൾക്ക് സാക്ഷികളായ വ്യക്തികൾ ദൈവത്തെ സ്തുതിക്കുന്ന നിരവധി രംഗങ്ങൾ ലൂക്കോസ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മാലാഖമാർ, മറിയ, എലിസബത്ത്, സെഖരിയാവ്, ആട്ടിടയന്മാർ, ശിമ്യോൻ, ഹന്ന, യെരിഹോവിലെ കുരുടൻ എന്നിവർ ഗാനങ്ങളിലൂടെയും, ശബ്ദമുയർത്തിയും ദൈവത്തെ സ്തുതിക്കുന്നു.

യേശു നൽകുന്ന രക്ഷ സ്ഥലകാല ദരിദ്രധനിക സ്ത്രീപുരുഷ പരിധികൾക്ക് അതീതമായി എല്ലാവരെയും ഉദ്ദേശിച്ചുള്ളതാണ്. രക്ഷയുടെ ഈ സാർവ്വത്രിക സ്വഭാവത്തിന് ലൂക്കോസ് വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്.

ലോകം കണ്ടതിൽ വച്ച് ഏറ്റവും ശക്തനായ വിമോചകൻ യേശുവാണ്. ക്രിസ്തുവിന്റെ ജഢാവതാരത്തിന്റെ ലക്ഷ്യം തന്നെ മനുഷ്യന്റെ സമഗ്ര മോചനമായിരുന്നു. യേശുവിന്റെ വിമോചനദൗത്യത്തിന്



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

പ്രാധാന്യം നൽകുന്ന ലൂക്കോസ് യേശുവിന്റെ നസറേത്തിലെ വിളംബരം ചിത്രീകരിച്ചിട്ടുണ്ട്. നസറേത്തിലെ വിളംബരം പ്രഖ്യാപനത്തിൽ നാല് പ്രധാന ചിന്തകൾ ഉള്ളടക്കം ചെയ്തിരിക്കുന്നു.

**1. ബന്ധിതർക്ക് മോചനം**

രോഗം, പാപം, മരണം, പൈശാചിക ബാധ എന്നിങ്ങനെ നാല്തരം ബന്ധനങ്ങളിൽ നിന്നാണ് യേശു മനുഷ്യനെ മോചിപ്പിച്ചത്.

**2.കുരുടർക്ക് കാഴ്ച**

അന്ധത അജ്ഞതയുടെ പ്രതീകമാണ്. അതിൽ നിന്ന് യേശു ഒരുവനെ മോചിപ്പിക്കുമ്പോൾ യഥാർത്ഥ അറിവിലേക്കാണ് അവനെ നയിക്കുന്നത്. ഭൗതീകത മനുഷ്യനെ അന്ധനാക്കുമ്പോൾ അത്ഭുത പ്രകാശമായ ആത്മീയ അറിവിലേക്ക് നയിക്കുവാൻ യേശുവിനല്ലാതെ മറ്റാർക്കും സാധ്യമല്ല. ശാരീരിക അന്ധതയും ആത്മീക അന്ധതയും യേശു നീക്കുന്നതായി ലൂക്കോസ് വിശദീകരിക്കുന്നു.

(ശേഷം രണ്ടാം പേജിൽ)

# വചനധാര 2016 സമാപിച്ചു

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

യോഗം ഉദ്ഘാടനം ചെയ്തു. തുടർന്ന് പാസ്റ്റർ തോമസ് മാത്യു വചനശുശ്രൂഷയുടെ അനുഗ്രഹത്തിനായും സ്ത്രോത്ര കാഴ്ചയ്ക്കാ യും പ്രാർത്ഥിച്ചു.

തുടർന്ന് പ്രസിദ്ധ പ്രഭാഷകൻ പാസ്റ്റർ എബി ഏബ്രഹാം (പത്തനാപുരം) വചന ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ബ്ലെസൻ ഹിന്ദിയിലേക്ക് തർജ്ജമ ചെയ്തു. യേശുക്രിസ്തു മരിച്ചത് എന്തിന് വേണ്ടി എന്ന് റോമാ ലേഖനം 8:34 ആസ്പദമാക്കിയായിരുന്നു പ്രഭാഷണം. പാസ്റ്റർ ജോർജ്കുട്ടിയുടെ പ്രാർത്ഥനയോടും ആശീർവാദത്തോടെ ഒന്നാം ദിവസത്തെ യോഗം അവസാനിച്ചു.

ഒക്ടോബർ 2ന് രാവിലെ 8:30 ന് നടന്ന സ്നാന ശുശ്രൂഷയിൽ കിംങ്സ് വേ ക്യാമ്പ് സഭയിലെ സഹോദരി സ്റ്റെഫി ബിജു പാസ്റ്റർ എം. സാമുവൽകുട്ടിയുടെ കൈക്കീഴിൽ സ്നാനം ഏറ്റു. രാവിലെ പത്ത് മണിമുതൽ 1 മണി വരെ ഡൽഹി റീജനിലെ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ സംയുക്താരാധന ഡി.ഡി.എ. കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടന്നു. ഐ.സി.എം. ജനറൽ സെക്രട്ടറി പാസ്റ്റർ ബിനോയി പി. ജോൺ യോഗത്തിന് നേതൃത്വം നൽകി. പാസ്റ്റർ ടി.ഡി. സുധാകരൻ 100–ാം സങ്കീർത്തനം ആസ്പദമാക്കി പ്രബോധിപ്പിച്ചു. പാസ്റ്റർ എബി ഏബ്രഹാം മുഖ്യപ്രഭാ ഷണം നടത്തി. പാസ്റ്റർ എം. സാമുവൽകുട്ടി കർത്തൃമേശശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

ഉച്ചയ്ക്ക് ശേഷം എഫ്.സി.വൈ.എമ്മിന്റെ 23–ാംമത് വാർഷിക യോഗം നടന്നു. വൈകിട്ട് 5 മണി മുതൽ സംഗീത ശുശ്രൂഷയും കൺവൻഷനും ആരംഭിച്ചു.ലാഡോസരായി ഫെയ്ത്ത് ഫെലോഷിപ്പ് സഭാ ശുശ്രൂഷകൻ പാസ്റ്റർ ടി.ഡി. സുധാകരൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ അനിയൻ ശാമുവേൽ, പാസ്റ്റർ ജെയ്സൻ ഫിലിപ്പ് എന്നിവർ പ്രാർത്ഥിച്ചു. വചനശുശ്രൂഷയുടെ അനുഗ്രഹത്തിനായും സ്ത്രോത്രകാഴ്ചയ്ക്കായും പാസ്റ്റർ ഡാനിയേൽ ജോർജ് പ്രാർത്ഥിച്ചു. തുടർന്ന് പാസ്റ്റർ എബി ഏബ്രഹാം മുഖ്യസന്ദേശം നൽകി. പാസ്റ്റർ ജോൺസൻ രാമചന്ദ്രൻ ഹിന്ദിയിലേക്ക് തർജ്ജമ ചെയ്തു. പ്രസംഗാനന്തരം ഡോ. ബിജു ജോൺ സമർപ്പണ പ്രാർത്ഥന നടത്തി.

തുടർന്ന് എഫ്. സി. വൈ. എം. സെക്രട്ടറി ബ്രദർ മണിമോൻ കൃതജ്ഞത പ്രകടിപ്പിച്ചു. തുടർന്ന് ലക്കി ഡ്രോ എടുക്കുകയും വിജയികളെ പ്രഖ്യാപിക്കുകയും ചെയ്തു. പാസ്റ്റർ ജോയി അലക്സ് പ്രാർത്ഥിച്ച് ആശീർവാദത്തോടെ കൺവൻഷൻ അവസാനിച്ചു.

## ലക്കി ഡ്രോ വിജയികളെ പ്രഖ്യാപിച്ചു

**ന്യൂഡൽഹി:** എഫ്.സി.വൈ.എം. കൺവൻഷന്റെ ധനശേഖരണാർത്ഥം നടത്തിയ ലക്കി ഡ്രോയുടെ വിജയികളെ പ്രഖ്യാപിച്ചു. ഒന്നാം സമ്മാനം-കൂപ്പൺ നംബർ:4932,രണ്ടാം സമ്മാനം-കൂപ്പൺ നംബർ:727, മൂന്നാം സമ്മാനം-കൂപ്പൺ നംബർ:820, പത്ത് പ്രോത്സാഹന സമ്മാനങ്ങൾ താഴെപറയുന്ന കൂപ്പൺ നമ്പറുകൾക്കാണ്.

1. 1239, 2. 1161, 3. 6066, 4. 7832, 5. 4946, 6. 9618, 7. 9170, 8. 3103 9. 6217, 10. 8173.

ലക്കി ഡ്രോ കൂപ്പൺ എടുത്ത് കൺവൻഷന്റെ സാമ്പത്തികാവശ്യങ്ങളിൽ പങ്കാളിയായ എല്ലാവർക്കും നന്ദി.


## വിശ്വാസ ഗീതങ്ങൾ

ഒരു ഉത്തമ ഗാനോപഹാരം

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപ്പരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,
പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,
സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),
സ്നേഹ നിധി (എം. പി. ത്രി)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

**Pastor M. Samuelkutty**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത |
|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

Faith Celebration Bible College, Shanthy Nagar, Police Station Road,
Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com
www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th October 2016
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

*Price Rs. 3/-*

# വചന ധാര 2016 ദൃശ്യജാലകം




പാസ്റ്റർ എബി ഏബ്രഹാം രണ്ടാം രാത്രി യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുന്നു. പരിഭാഷ: പാസ്റ്റർ ജോൺസൻ രാമചന്ദ്രൻ




സൗത്ത് ഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർ ശ്രീ. വീരേന്ദ്രർ ഖസാന ആശംസകളറിയിക്കുന്നു,




ഫെയ്ത്ത് സയോൺ സിംഗേഴ്സ് ന്യൂഡൽഹി സംഗീത ശുശ്രൂഷ നിർവ്വഹിക്കുന്നു



എഫ്. സി. വൈ.എം. സെക്രട്ടറി മണിമോൻ കെ. കൃതജ്ഞത രേഖപ്പെടുത്തുന്നു. പരിഭാഷ: പാസ്റ്റർ അനിയൻ ശാമുവേൽ



സദസിന്റെ ദൃശ്യം




എഫ്. സി. വൈ. എം. വാർഷികം പാസ്റ്റർ എം. സാമുവൽകുട്ടി ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ ലെഫ്റ്റനന്റ് അഭിലാഷ് ചെറിയാൻ.




എഫ്. സി. വൈ. എം. വാർഷികത്തിൽ ബ്രദർ തോമസ് ഡാനിയേൽ ആശംസകളറിയിക്കുന്നു



കൺവൻഷനിൽ സ്നാനപ്പെട്ട സ്റ്റെഫി ബിജു പാസ്റ്റർ എം. സാമുവൽകുട്ടി യോടും മിസ്സിസ് എലിസബേത്ത് സാമുവലിനോടും ഒപ്പം

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*